(കേരള സർക്കാർ)

(സംഗ്രഹം)

വ്യാവസായിക പരിശീലന പകുപ്പ്-ഐടിഐ/ഐടിസി പ്രവേശനം - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആവശ്യത്തിന് അപേക്ഷകർ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കും പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ പട്ടികജാതി വിഭാഗത്തിലുള്ളവർക്കും വ്യവസ്തകൾ പാലിച്ചുകൊണ്ട് ജനറൽ വിഭാഗത്തിലുള്ളവർക്കും പ്രവേശനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

*തൊഴിലും പുനരധിവാസവും (സി) വകുപ്പ്*

സ.ഉ.(സാധാ) നം. 2071/2010/തൊഴിൽ തിരുവനന്തപുരം,തീയതി: 23.12.2010

==========================================================================

സൂചന: ട്രെയിനിംഗ് ഡയറക്ടറുടെ 26.8.2009-ാം തീയതിലെ സി1/3982/09 നമ്പർ അർദ്ധ ഔദ്യോഗിക കത്തും 06.01.2010-ാം തീയതിയിലെ സി1/1/27455/09 നമ്പർ അർദ്ധ ഔദ്യോഗിക കത്തും

**ഉത്തരവ്**

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനായി സംസ്ഥാനത്തെ ഐടിഐകളിലും ഐടിസികളിലും സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ അപേക്ഷകർ ഇത്തതെ വരുമ്പോൾ, അഡ്മിഷൻ നടക്കാത്ത സംവരണ സീറ്റുകളിൽ ജനറൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് പ്രവേശനം നൽകുന്നതിന് അനുമതി പരാമർശ കത്തുകൾ മുഖേന ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യവസായിക പരിശിലന വകുപ്പിനു കീഴിലെ ഐടിഐ/ഐടിസി പ്രവേശനത്തിൽ പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആവശ്യത്തിന് അപേക്ഷകർ ഇത്താത്ത പക്ഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആവശ്യത്തിന് അപേക്ഷകർ ഇല്ലാത്ത പക്ഷം പട്ടികജാതി വിഭാഗത്തിൽ ഉള്ളവർക്കും പ്രവേശനം നൽകുന്നതിനും അതിനു ശേഷവും സംവരണം ചെയ്ത സീറ്റികളിൽ ഒഴിവ് ഉണ്ടെങ്കിൽ, ആസീറ്റുകളിൽ ചുവടെ കൊടുത്തിരിക്കുന്ന വ്യവസ്തകൾ പാലിച്ചുകൊണ്ട് ജനറൽ വിഭാഗത്തിലുള്ളവർക്ക് പ്രവേശനം നൽകുന്നതിനും ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) എസ്.സി/എസ്ടി വിഭാഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ ആദ്യഘട്ടത്തിൽ ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവേശനം നൽകുവാൻ പാടില്ല

(2) ആദ്യഘട്ട സെലക്ഷൻ ലിസ്റ്റ് തയ്യാറായാൽ ഉടൻ തന്നെ എസ് സി/എസ്ടി വിഭാഗക്കാർക്ക് സംവരണം ചെയ്തിരിക്കുന്ന സീറ്റുകൾ ഒഴിവുകളുണ്ടെങ്കിൽ ടി കാര്യം അറിയിച്ചുകൊണ്ട് പത്രപ്പരസ്യം നൽകേണ്ടതാണ്

(3) പത്തു ദിവസത്തിനകം വേണ്ടത്ര എസ്.സി/എസ്ടി അപേക്ഷകരെ ലഭിച്ചിട്ടില്ല എങ്കിൽ സീറ്റ് ഒഴിവുകൾ അറിയിച്ചുകൊണ്ട് വീണ്ടു ഒരു പരസ്യംകൂടി നൽകേണ്ടതും ഐടിഐ/ഐടിസികളിൽ പ്രവേശനം നൽകുന്നതിന് അനുവദിക്കുന്ന അവസാന തീയതിവരെ പ്രതീക്ഷിക്കേണ്ടതുമാണ്.

(4) അഡ്മിഷൻ നിർണ്ണയിച്ചിരിക്കുന്ന അവസാന തീയതിവരെയും എസ്‌സി /എസ്ടി വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ ലഭിക്കാതിരുന്നാൽ ടി വിവരം അറിയിച്ചുകൊണ്ടും ടി സംവരണ സീറ്റുകളിൽ ഇതര വിഭാഗത്തിൽ ഉള്ള അപേക്ഷകർക്ക് പ്രവേശനം നൽകുവാനുള്ള മുൻകൂർ അനുമതി ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് ഡയറക്ടർക്ക് അന്നു തന്നെ നിർദ്ദേശം സമർപ്പിക്കേണ്ടതാണ്. ടി നിർദ്ദേശത്തോടൊപ്പം താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കണം:

(1) രണ്ടു തവണ പത്രത്തിൽ പരസ്യം നൽകിയതിന്റെ അസ്സലുകൾ
(2) എസ്‌സി/എസ്ടിവിഭാഗത്തിൽപ്പെട്ട അപേക്ഷകൾ ലഭിച്ചിട്ടില്ല എന്നുള്ള പ്രിൻസിപ്പലിന്റെ സർട്ടിഫിക്കറ്റ്

(5) സ്റ്റേറ്റ് ഡയറക്ടറുടെ മുൻകൂർ അനുമതി ലഭിച്ച ശേഷമേ എസ്.സി/എസ്.ടി വിഭാഗക്കാരുടെ സംവരണ സീറ്റുകളിൽ മറ്റു വിഭാഗത്തിലുള്ള അപേക്ഷകർക്ക് പ്രവേശനം നൽകാവൂ

(6) ടി സീറ്റുകളിൽ മുൻകൂർ പ്രവേശനം നൽകിയ ശേഷം സാധൂകരണം ആവശ്യപ്പെടുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

*(ഗവർണറുടെ ഉത്തരവിൻ പ്രകാരം)*

**ബി. പ്രകാശ്**

തൊഴിൽ വകുപ്പു സെക്രട്ടറി (ഇൻ-ചാർജ്)

- ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം)
- അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഡിബിസെൽ) കേരള, തിരുവനന്തപുരം
- പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ് (22793/എ1/09/പജപവവിവ)
- വിവര പൊതുജന സമ്പർക്ക വകുപ്പ്
- കരുതൽ ഫയൽ/ഓഫീസ് കോപ്പി

//ഉത്തരവിൻ പ്രകാരം//

ഒപ്പ്

സെക്ഷൻ ഓഫീസർ

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -